പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 2171 | 07/03/2017 ൽ മറുപടി<br>നല്കേണ്ടത് |
|---|---|

## പച്ചക്കറികളിലെയും ഫലവർഗ്ഗങ്ങളിലെയും കീടനാശിനി പ്രയോഗം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം. രാജഗോപാലൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | പച്ചക്കറികൾ/ഫലവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ളവയിൽ കീടനാശിനി ഉപയോഗിക്കുന്നത് തടയാനും കീടനാശിനി ഉപയോഗിച്ചവ വില്പന നടത്തുന്നത് തടയാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | എ) & ബി) | കീടനാശിനികൾ പ്രയോഗിച്ച പച്ചക്കറികൾ പ്രധാനമായും അയൽ സംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിലേക്ക് കൊണ്ടുവരുന്നത്. കേരളത്തിലെ പച്ചക്കറി മാർക്കറ്റുകളിൽ നിന്നുള്ള പച്ചക്കറികളുടെ സാമ്പിളുകളും,അന്യസംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകളിൽ കൂടി കടന്നു വരുന്ന പച്ചക്കറികളുടെ സാമ്പിളുകളും ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷാ ലാബുകളിൽ പരിശോധിപ്പിച്ചു വരുന്നു. ഇതുകൂടാതെ സാമ്പിളുകൾ വെള്ളായണി കാർഷികകോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിലും അയച്ച് പരിശോധിക്കാറുണ്ട്. ഇത്തരം പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന പരിധിയിലും കൂടുതലായി കീടനാശിനികളുടെ അളവ് കണ്ടെത്തിയാൽ അവർക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കയറ്റി അയയ്ക്കുന്ന ഭക്ഷ്യസാധനങ്ങളിൽ വ്യാപകമായ തോതിൽ കീടനാശിനികൾ ഉൾപ്പെട്ടത് പരിശോധിക്കാൻ എന്തൊക്കെ നടപടികളാണ് അനുവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ